പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അതിന്റെ നേട്ടം ഇനിയും ലഭിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തൽ' ഇതിനായി 2003-04 വർഷം കേന്ദ്ര സർക്കാർ പ്രത്യേക കേന്ദ്ര സഹായ മായി 5 കോടി രൂപ അനുവദിച്ചു. 2004-05 വർഷം ഈ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം അനുബന്ധം II-ൽ കൊടുക്കുന്നു.†

(സി) ഈ പദ്ധതിയുടെ ഏകോപന നോഡൽ ഏജൻസിയായ 'കിർത്താഡ്സ്' വഴിയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ പ്രയോജനം എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലഭിക്കണം എന്ന ഉദ്ദേശത്തോടെയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

മുല്ലപ്പെരിയാർ ഡാമിൽനിന്ന് ജലം അനധികൃതമായി കടത്തുന്നതിനെതിരെ നടപടി

*12 [192] ശ്രീ. പി. സി. ജോർജ്:
„ രാജു എബ്രഹാം:
„ കെ. കെ. ജയചന്ദ്രൻ:
„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽനിന്ന് ജലം കടത്താൻ തമിഴ്നാട് നടത്തി കൊണ്ടിരിക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി ഏതെല്ലാം രീതിയിലാണ് തമിഴ്നാട് വെള്ളം ചോർത്തി ക്കൊണ്ടിരിക്കുന്നതെന്ന് അറിയാമോ;

(സി) ഇക്കാര്യം മനസ്സിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജലം അനധികൃതമായി കടത്തുന്നതിനെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ പ്രകാരം അവകാശപ്പെട്ട ജലം മാത്രമാണ് തമിഴ്നാട് കൊണ്ടുപോകുന്നത്. പ്രസ്തുത കരാർ പ്രകാരം നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഡാം സ്ഥിതിചെയ്യുന്ന പ്രദേശത്തെയ്ക്കോ, അതിലൂടെയോ, അതിൽ നിന്നോ ഒഴുകുന്ന വെള്ളം മുഴുവൻ തമിഴ്നാടിന് അവകാശപ്പെട്ടതാണ്. അണക്കെട്ടിൽനിന്നും ശേഖരിക്കുന്ന മുഴുവൻ ജലവും തമിഴ്നാടിന് കൊണ്ടുപോകാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിലെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ജലസേചന വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ, വിജിലൻസ് കോ-ഓർഡിനേറ്ററായും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കട്ടപ്പന വിജിലൻസ് ഓഫീസറായും നിയോഗിക്കപ്പെട്ടിട്ടുണ്ട്. മൈനർ ഇറിഗേഷൻ, തേക്കടി മോണിറ്ററിംഗ് സെക്ഷൻ, മുല്ലപ്പെരിയാർ അണക്കെട്ടിലുള്ള വെള്ളത്തിന്റെ അളവ് നിശ്ചിത ഇടവേളകളിൽ രേഖപ്പെടുത്തുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ കടൽ ക്ഷോഭംമൂലം അപകടത്തിൽപെടുന്നവരെ രക്ഷിക്കുവാൻ നടപടി

*13 [193] ശ്രീ. ഉമേഷ് ചള്ളിയിൽ:
" ഷിബു ബേബി ജോൺ:
" ജോണി നെല്ലൂർ:
" എ. എൻ. രാജൻ ബാബു:
" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ കടൽക്ഷോഭംമൂലം അപകടത്തിൽപെടുന്നവരെ രക്ഷിക്കുവാൻ ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉൾക്കടലിൽ അപകടത്തിൽപ്പെടുന്നവർക്കായി എന്തെല്ലാം രക്ഷാ സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കടലിൽ അപകടത്തിൽപ്പെടുന്നവരെ കണ്ടെത്താൻ ആകാശ നിരീക്ഷണം നടത്തുന്നതിന് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്ത് നിലവിലുള്ള പരിമിതികൾ തരണം ചെയ്യാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ, ബി ആന്റ് സി) കടൽക്ഷോഭംമൂലം അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുവാൻ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്:

(1) മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലെ ഫിഷറീസ് ഇൻഫർമേഷൻ നെറ്റ് വർക്ക് കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നു.

(2) സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി 13 ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്.

(3) തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീരദേശ ജില്ലകളിൽ വയർലെസ് നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly